## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *195 — 12.06.2018 ൽ മറുപടിക്ക്

### കൊച്ചി - ബംഗളൂരു വ്യവസായ ഇടനാഴിയും വ്യവസായ പാർക്കുകളും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എസ്. ശർമ്മ<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. കെ. ബാബു<br>ശ്രീ. ആന്റണി ജോൺ | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | വ്യവസായ നഗരങ്ങളായ ബംഗളൂരു, കോയമ്പത്തൂർ എന്നിവയെ കൊച്ചിയു മായി ബന്ധിപ്പിച്ച് സംസ്ഥാനത്തെ വ്യവസായ കുതിപ്പിന് സാദ്ധ്യത തുറക്കുന്ന കൊച്ചി ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (എ) | ചെന്നൈ - ബാംഗ്ലൂർ വ്യവസായ ഇടനാഴി കൊച്ചിയിലേയ്ക്ക് ദീർഘിപ്പിച്ച് കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴി രൂപീകരിക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് കെ എസ് ഐ ഡി സി നടത്തിക്കൊണ്ടിരിക്കുന്ന പഠനത്തിന്റെ റിപ്പോർട്ട് ലഭിച്ചാലുടൻ തുടർനടപടികൾ കൈക്കൊള്ളാവുന്നതാണെന്ന് കേന്ദ്ര ഏജൻസിയായ National Industrial Corridor Development and Implementation Trust (NICDIT) അറിയിച്ചിട്ടുണ്ട്. കെ എസ് ഐ ഡി സി ഒരു വിദഗ്ദ്ധോപദേശ ഏജൻസിയെ നിയോഗിച്ച് പദ്ധതി രൂപരേഖയും ഒരു കാലഘട്ടത്തിലേയ്ക്കുള്ള പദ്ധതി കാഴ്ചപ്പാടും തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത പഠനം 2018 സെപ്റ്റംബറിൽ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | വ്യവസായ ഇടനാഴിയുടെ ഭാഗമായി കഞ്ചിക്കോട്ട് വ്യവസായ പാർക്ക് തുടങ്ങാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പദ്ധതി രൂപരേഖയും വിശദമായ പദ്ധതി കാഴ്ചപ്പാടും National Industrial Corridor Development and Implementation Trust (NICDIT) ന് സമർപ്പിച്ചതിനുശേഷം മാത്രമേ ഇക്കാര്യം തീരുമാനിയ്ക്കാൻ കഴിയുകയുള്ളൂ. |
| (സി) | കൊച്ചിയിൽ പെട്രോ കെമിക്കൽ പാർക്കും ഫാർമസ്യൂട്ടിക്കൽസ് പാർക്കും സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; | (സി) | കൊച്ചിയിൽ പെട്രോക്കെമിക്കൽ പാർക്കും ഫാർമസ്യൂട്ടിക്കൽ പാർക്കും സ്ഥാപിക്കുന്നതിലേയ്ക്കായി 481.79 ഏക്കർ സ്ഥലം ഫാക്ടിന്റെ അമ്പലമുഗളിലുള്ള സ്ഥലത്തുനിന്നും |

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കുന്നതിനു വേണ്ടി 04.05.2018 ലെ സ.ഉ (സാധാ) നം.504/18/വ്യവ പ്രകാരം സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. ഈ ഉത്തരവനുസരിച്ചുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. |
| (ഡി) | വ്യവസായ പാർക്കുകൾക്കു വേണ്ട ഭൂമിയുടെ ദൗർലഭ്യം കണക്കിലെടുത്ത് ബഹുനില വ്യവസായ പാർക്കുകൾ ആരംഭിക്കാനുള്ള പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ? | (ഡി) | വളരെ ഭൂമി ദൗർലഭ്യം നേരിടുന്ന സംസ്ഥാനമാണ് കേരളം. ആയതിനാൽ കുറഞ്ഞ ഭൂവിസ്തൃതി ഉപയോഗപ്പെടുത്തി കൂടുതൽ യൂണിറ്റുകളെ അധിവസിപ്പിക്കുക എന്ന ഉദ്ദേശത്തിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കുക എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. എറണാകുളത്തെ എടയാറിൽ ഒരു സമുച്ചയം നിർമ്മിച്ച് സംരംഭകർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽ പാടത്ത് ബഹുനില സമുച്ചയത്തിന്റെ ഒന്നാം ഘട്ടത്തിന്റെ പണി പൂർത്തിയായി വരുന്നു. തിരുവനന്തപുരത്ത് കൊച്ചുവേളിയിൽ രണ്ടു ബഹുനില സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ആലപ്പുഴ പുന്നപ്രയിലും പാലക്കാട് പുതുശ്ശേരിയിലും ഷൊർണ്ണൂരിലും സമുച്ചയങ്ങളുടെ നിർമ്മാണത്തിനുള്ള പ്രാരംഭജോലികൾ നടന്നുവരുന്നുണ്ട്.<br>കെ എസ് ഐ ഡി സി യുടെ കീഴിലുള്ള വ്യവസായ പാർക്കുകളിൽ വ്യവസായികൾക്ക് ഉപയുക്തമാകുന്ന വിധത്തിലുള്ള ബഹുനില വ്യവസായ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഇത്തരത്തിൽ നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾ ഉപയുക്തമാക്കുന്ന മുറയ്ക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടി കളും കൈക്കൊണ്ടുവരുന്നു. |

Bindu T

**സെക്ഷൻ ഓഫീസർ**